# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1720 14.08.2017- ൽ മറുപടിയ്ക്ക്

### പ്രവാസി പുനരധിവാസത്തിന് പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| എ) രണ്ട് വർഷമെങ്കിലും പ്രവാസി ജീവിതം പൂർത്തീകരിച്ച് സ്ഥിരമായി മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ തയ്യാറാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;<br><br>ബി) ഇവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്ക് വായ്പ, സബ്സിഡി എന്നിവ ലഭ്യമാക്കുമോ ; വിശദാംശങ്ങൾ നല്കുമോ ; | എ) യും ബി) യും പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുന്ന പദ്ധതിയാണ് ഇത്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനു ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യനാലുവർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. നിലവിൽ നോർക്ക റൂട്ട്സും സൗത്ത് ഇന്ത്യൻ ബാങ്ക്, |

(മറുപുറം)

യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി ഒപ്പ വയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നല്കിയാണ് മേൽ പറഞ്ഞ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഈ പദ്ധതിക്ക് അപേക്ഷിക്കുന്ന അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുകളെയും, ഗുണഭോക്താക്കളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള കൂടിക്കാഴ്ച നടത്തി സംരംഭക പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി റിസർവ്വ് ബാങ്കിന്റെ നിയമങ്ങൾക്ക് വിധേയമായാണ് ഈ ബാങ്കുകൾ ലോൺ അനുവദിക്കുന്നത്.

NDPREM പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

1. തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നല്കുകയും മൂലധന സബ്സിഡി നല്കുകയും ചെയ്യുക.

2. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുക.

3. തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക.

(മറുപുറം)

| | |
|---|---|
| സി) സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശം നല്കുന്നതിന് ഹ്രസ്വകാല പരിശീലന പദ്ധതികൾ ആരംഭിക്കുമോ ; | സി) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നല്കുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

താഴെപ്പറയുന്ന സേവനങ്ങളാണ് അവരിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

1. അപേക്ഷകർക്ക് സംരംഭക മേഖലയിൽ വ്യക്തമായ മാർഗ നിർദ്ദേശം നല്കുക.
2. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക.
3. പ്രോജക്ട് റിപ്പോർട്ടുകൾ ബാങ്കുകൾക്ക് സ്വീകാര്യമാകുന്ന തരത്തിൽ വിശകലനം നടത്തുക.
4. അപേക്ഷകർക്ക് ഒരു സംരംഭം തുടങ്ങുന്നതിന് വേണ്ട വിവിധ നടപടിക്രമങ്ങളെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശം നല്കുക.
5. ഒറ്റയ്ക്കോ ഗ്രൂപ്പ് സംരംഭമായോ അല്ലെങ്കിൽ സ്വയം തൊഴിൽ ചെയ്ത് വരുമാനം നേടുന്നതിനായോ ഉള്ള പ്രത്യേക പരിശീലനം നല്കുക.

ഏകദേശം വിജയകരമായി നടത്താവുന്ന 25 ഇനങ്ങളിൽ ഒരു ആഴ്ച മുതൽ ഒരു മാസം വരെ നീളുന്ന തീവ്രപരിശീലന പരിപാടികളുടിയാണ് നടത്താനുദ്ദേശിക്കുന്നത്. മേൽപ്പറഞ്ഞ നടപടികൾ പുനരധിവാസ പദ്ധതിയുടെ സമഗ്രവും കാര്യക്ഷമമവുമായ പ്രവർത്തനത്തിനും കൂടുതൽ ബാങ്കുകളെയും, ധനകാര്യ സ്ഥാപനങ്ങളെയും പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനും സഹായകരമാവുന്നതാണ്.

(മറുപുറം)

| | | | |
|---|---|---|---|
| ഡി) | എങ്കിൽ ഇത്തരം പരിശീലന പദ്ധതികളിൽ സംരംഭകരെ കൂടാതെ മറ്റാരെയൊക്കെ പങ്കെടുപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ; | ഡി) | നിലവിൽ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയിൽ ബാങ്ക് വായ്പയ്ക്കായി അപേക്ഷിക്കുന്നവരെ മാത്രമാണ് പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തുന്നത്. സംരംഭകർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നതിനായി പദ്ധതിയുമായി സഹകരിക്കുന്ന വാണിജ്യ ബാങ്കുകൾ , കൃഷി വകുപ്പ്, പൗൾട്രി വികസ കോർപ്പറേഷൻ, ജില്ലാ വ്യവസായ കേന്ദ്രം എന്നീ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട മേഖലയിലെ പ്രഗൽഭരായ ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിക്കുന്നുണ്ട്. |
| ഇ) | പദ്ധതികൾക്ക് എന്ന് തുടക്കം കുറിക്കാനാകുമെന്നും എത്ര തുകയാണ് ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിനായി വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദാംശങ്ങൾ നല്കുമോ ? | ഇ) | പദ്ധതിയിൽ ഈ വർഷം 16.35 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ